ഗ്രാമിൻ കൃഷി മ aus സം സേവ
ഇന്ത്യ കാലാവസ്ഥാ വകുപ്പ്
കേരള കാർഷിക സർവകലാശാല

# അഗ്രോമെറ്റ് ഉപദേശക ബുള്ളറ്റിൻ

**തീയതി : 20-12-2024**

**മലപ്പുറം(കേരളം) കാലാവസ്ഥാ പ്രവചനം - പ്രസിദ്ധീകരിച്ചത് :2024-12-20 ( അടുത്ത 5 ദിവസങ്ങളിൽ 8:30 IST വരെ സാധുവാണ്)**

| ಹವಾಮಾನ ಅಂಶ | 2024-12-21 | 2024-12-22 | 2024-12-23 | 2024-12-24 | 2024-12-25 |
|---|---|---|---|---|---|
| മഴ (മില്ലീമീറ്റർ) | 0.1 | 0.1 | 0.1 | 0.1 | 0.1 |
| ടിമാക്സ് (° C) | 33.0 | 33.0 | 33.0 | 33.0 | 33.0 |
| ടിമിൻ (° C) | 24.0 | 24.0 | 24.0 | 24.0 | 24.0 |
| RH I (%) | 80 | 80 | 80 | 80 | 80 |
| RH II (%) | 48 | 48 | 48 | 48 | 48 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ) | 2 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 340 | 270 | 270 | 270 |
| ക്ലൗഡ് കവർ (ഒക്ട) | 5 | 5 | 5 | 5 | 7 |

## കാലാവസ്ഥ സംഗ്രഹം / അലേർട്ട്:

ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. ഡിസംബർ 20 മുതൽ 24 വരെ നേരിയ മഴ ( ഇരുപത്തിനാലു മണിക്കൂറിൽ 2.5 മില്ലിമുതൽ 15.5 മില്ലി വരെ).

## പൊതു ഉപദേശം:

മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക. വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം. വിളകളുടെ തടത്തിൽ പുതയിടുക. നനയില്ലാത്ത വിളകൾക്ക് രാസവളങ്ങൾ, കോഴിവളങ്ങൾ എന്നിവ മിതമായി മാത്രം പ്രയോഗിക്കുക ഈർപ്പ നഷ്ടം കുറക്കാനായ് മണ്ണിനു പുതയിടുക. കീട-രോഗ ബാധയില്ലാത്ത വിളകളുടെ അവശിഷ്ടങ്ങളോ പച്ചിലകളോ കരിയിലകളോ ഇതിനായി ഉപയോഗിക്കാം. തനതു വിളകളുടെ അവശിഷ്ടങ്ങൾ ഒഴിവാക്കുന്നത് പുതയിൽ പ്രസ്തുത വിളയെ ബാധിക്കുന്ന കീട രോഗങ്ങളുടെ പ്രജനനം ഒഴിവാക്കാൻ സഹായകരമാകും. മേൽമണ്ണ് ഇളക്കി പൊടിച്ചു നിയതമായി പരത്തിയിടുന്നത് പുതയിടുന്നതിനു സമാനമായ ഒരു രീതിയാണ്. ഇത് മണ്ണിലെ ഈർപ്പ നഷ്ടം തടയാൻ സഹായിക്കും

## SMS ഉപദേശം:

| |
|---|
| മാവ് പൂങ്കുല തുള്ളൻ 3000 പി പി എം വീര്യമുള്ള വേപ്പധിഷ്ഠിത കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ അഞ്ചു മില്ലി എന്ന തോതിൽ കലർത്തി തളിക്കുക. |

## ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം:

| ഹോർട്ടി കൾച്ചർ | ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം |
|---|---|
| നാളികേരം | വെള്ളീച്ച : താഴത്തെ നിരയിലുള്ള ഓലകളുടെ മുകൾഭാഗത്ത് കൂട്ടം കൂട്ടമായി കാണുന്നു. ഈച്ചകളുടെ സ്രവത്തിൽ കറുത്ത പൂപ്പലുകൾ വളരുന്നു.ഹരിതകം മറയ്ക്കപ്പെടുന്നതിനാൽ ചെടികൾക്ക് ക്രമേണ ക്ഷീണം ബാധിക്കുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സംതുലിത വളപ്രയോഗം അവലംബിക്കുക. ‘അയർ’ സൂക്ഷ്മ മൂലക മിശ്രിതം 500 ഗ്രാം വീതം തെങ്ങുകൾക്ക് തടത്തിൽ ചേർത്തു കൊടുക്കുക. |
| വാഴപ്പഴം | ഇലപ്പുള്ളി രോഗം : തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| വാഴപ്പഴം | തടതുരപ്പൻ വണ്ട് : കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |
| മാമ്പഴം | പൂങ്കുല തുള്ളൻ 3000 പി പി എം വീര്യമുള്ള വേപ്പധിഷ്ഠിത കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ അഞ്ചു മില്ലി എന്ന തോതിൽ കലർത്തി തളിക്കുക. |
| കശുവണ്ടി | തേയില കൊതുക് : ആക്രമണം കണ്ടാൽ മാത്രം നിയന്ത്രണ നടപടികൾ സ്വീകരിക്കുക (പാനിക്കിളിന്റെ പൂങ്കുലത്തണ്ടിൽ/ തണ്ടിൽ ചുരണ്ടിയ പാടുകൾ ഉണ്ടെങ്കിൽ മാത്രം). ആക്രമണം ശ്രദ്ധയിൽപ്പെട്ടാൽ ക്വിനാൽഫോസ് + മാങ്കോസെബ് (@ക്വിനാൽഫോസ് 2 മില്ലി + മാങ്കോസെബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) തളിക്കുക. |
| വെള്ളരിക്ക | നീരൂറ്റി കുടിക്കുന്ന കീടങ്ങൾ : വേപ്പധിഷ്ഠിത കീടനാശിനി 4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി പുഷ്പിക്കുന്നതിനു ഒരാഴ്ച മുൻപ് വരെ 7 ദിവസത്തെ ഇടവേളകളിൽ തളിക്കുക. അക്രമം രൂക്ഷമാവുകയാണെങ്കിൽ അക്താർ എന്ന കീടനാശിനി 10 ലിറ്റർ വെള്ളത്തിൽ 3 ഗ്രാം എന്ന തോതിൽ നേർപ്പിച്ച് തളിക്കുക. |
| വെള്ളരിക്ക | മൃദുരോമ പൂപ്പൽ രോഗം : വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി മാങ്കോസെബ്ബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക |
| വെള്ളരിക്ക | കായീച്ച : തോട്ടങ്ങളിൽ ഫിറമോൺ കെണികൾ സ്ഥാപിക്കുക. 2 മില്ലി മാലത്തിയോൺ കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ |

| ഹോർട്ടി കൾച്ചർ | ഹോർട്ടി കൾച്ചർ നിർദ്ദിഷ്ട ഉപദേശം |
|---|---|
| | ലയിപ്പിച്ച് ഈച്ചകളെ ആകർഷിക്കുന്നതിനായി 10 ഗ്രാം ശർക്കര കൂടി ചേർത്തിളക്കി ഇലകളുടെ അടിവശങ്ങളിൽ തളിക്കുക. |
| തക്കാളി | വാട്ടം : റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക അല്ലെങ്കിൽ അകോമിൻ 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| വഴുതിന | തണ്ടുതുരപ്പൻ : കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |
| മത്തങ്ങ | മത്തൻ വണ്ട് : മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ മാലത്തിയോൺ 50 EC രണ്ടു മില്ലി നാല് മില്ലി വേപ്പെണ്ണയോടൊപ്പം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തയ്യാറാക്കിയ കീടനാശിനി തളിക്കുക. മാലത്തിയോൺ 50 ECകീടനാശിനി മൂന്നു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനി മണ്ണിൽ കുതിർക്കുകയും ചെയ്യുക. കീടനാശിനി മണ്ണിൽ കുതിർക്കുന്നതിനു മുൻപേ വിളകൾക്ക് ജലസേചനം നൽകുക. തളിച്ചതിനു ശേഷം രണ്ടു ദിവസത്തേക്ക് ജലസേചനം ഒഴിവാക്കുക. |